എംപ്ലോയ്മെന്റ് രജിസ്ട്രേഷൻ പുതുക്കാൻ നൽകിയ അപേക്ഷകളിന്മേൽ നടപടി

207 (3397) ശ്രീ. ഇ.എം. അഗസ്തി
ശ്രീ. കെ. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എംപ്ലോയ്മെന്റ് രജിസ്ട്രേഷൻ പുതുക്കാൻ അവസരം നൽകി കൊണ്ടുള്ള ഗവൺമെന്റ് ഉത്തരവ് പ്രകാരം ശ്രീമതി എൻ. സുലേഖ കുമാരി (രജി. നം. ഡബ്ല്യൂ. 5501/82, ഡബ്ല്യൂ 8460/88) ആലപ്പുഴ ജില്ല എംപ്ലോയിമെന്റ് ഓഫീസർക്ക് 7-11-1997-നും ചെങ്ങന്നൂർ എംപ്ലോയ്മെന്റ് എക്സചേഞ്ച് ഓഫീസർക്ക് 19-5-1997-നും നൽകിയ അപേക്ഷകളിന്മേൽ എന്തു നടപടി സ്വീകരിച്ചു എന്നു വെളിപ്പെടുത്താമോ ;

(ബി) അപേക്ഷകയ്ക്ക് മറുപടി നൽകിയിട്ടുണ്ടോ ; അപേക്ഷകളോടൊപ്പം സമർപ്പിച്ച മറുപടി കാർഡുകളിലാണോ വിവരം അറിയിച്ചത് എന്ന് വ്യക്തമാക്കുമോ ;

(സി) മറുപടി നൽകിയിട്ടില്ലെങ്കിൽ കാരണം വ്യക്തമാക്കാമോ ;

(ഡി) അപേക്ഷകയുടെ രജിസ്ട്രേഷൻ ഇപ്പോൾ നിലവിലുണ്ടോ ; റിന്യൂവൽ തീയതി എന്നാണ് ;

(ഇ) ഇല്ലെങ്കിൽ ഏത് തീയതിയിലാണ് രജിസ്ട്രേഷൻ റദ്ദായത് ;

(എഫ്) രജിസ്ട്രേഷൻ പുനഃസ്ഥാപിച്ചുകൊടുക്കുന്നതിന് നടപടി സ്വീകരിക്കുമോ ; വിശദ വിവരങ്ങൾ നൽകാമോ ?

ഉത്തരം

(എ-എഫ്) വിവരം ശേഖരിച്ച് നൽകുന്നതാണ്.

ഒഴിവുകൾ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നികത്താൻ നടപടി

208 (3398) ശ്രീ. ബാബു ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ. എസ്. ഇ. ബി. യിലേയും കേരള വാട്ടർ അതോറിറ്റിയിലെയും ടെക്നീഷൻ ഒഴിവുകൾ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിനെ അറിയിക്കാതെ കരാർ വ്യവസ്ഥയിലും പെൻഷൻപറ്റി പിരിഞ്ഞവരെയും കൊണ്ട് നികത്തുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ ഇത്തരം നടപടി 1959-ലെ സി.എൻ.വി. ആക്ടിന്റെ ലംഘനമാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) എങ്കിൽ പ്രസ്തുത ഒഴിവുകൾ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ വഴി നികത്താനുള്ള നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly